<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 499</u> <u>11-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കോതമംഗലം - പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്ന കോതമംഗലം - പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനവുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിട്ടുള്ള 2625007/ എൻ.സി-ബി3/199/2023-ധന നമ്പർ ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം നിയോജക മണ്ഡലത്തിലെ കോതമംഗലം പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനത്തിനായി എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കി നിർവ്വഹണം ആരംഭിച്ച മേൽ പ്രവൃത്തിയുടെ കരാറുകാരന് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിട്ടുന്ന കാരണത്താൽ ടിയാനെ ഒഴിവാക്കിക്കൊണ്ട് അതുവരെ പൂർത്തിയാക്കിയ പ്രവർത്തിയുടെ ബിൽ തുക അനുവദിച്ചുനൽകിയശേഷം ഇനി പൂർത്തിയാക്കുവാൻ ബാക്കിയുള്ള പ്രവർത്തികളും ടാറിംഗിന് പകരം ഇൻറർലോക്കിംഗ് എന്നിവയും ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് പ്രത്യേകാനുമതിയാണ് ബഹു: എം എൽ എ നിലവിൽ ശിപാർശ ചെയ്തിരുന്നത്. സർക്കാർ ആവശ്യപ്പെട്ടിരുന്ന പ്രകാരം ഈ വിഷയത്തിൽ തദ്ദേശഭരണ എൻജിനീയറിങ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെയും ആസ്തിവികസന ഫണ്ടിന്റെ മാർഗ്ഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ ടി.വിഷയം പരിശോധിച്ചുവരുന്നു.** |
| (ബി) | പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പുകൽപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം നിയോജക മണ്ഡലത്തിലെ കോതമംഗലം പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനത്തിനായി എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കി നിർവ്വഹണം ആരംഭിച്ച മേൽ പ്രവൃത്തിയുടെ കരാറുകാരന് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിട്ടുന്ന കാരണത്താൽ ടിയാനെ ഒഴിവാക്കിക്കൊണ്ട് അതുവരെ പൂർത്തിയാക്കിയ പ്രവർത്തിയുടെ ബിൽ തുക അനുവദിച്ചുനൽകിയശേഷം ഇനി പൂർത്തിയാക്കുവാൻ ബാക്കിയുള്ള പ്രവർത്തികളും ടാറിംഗിന് പകരം ഇൻറർലോക്കിംഗ് എന്നിവയും** |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് പ്രത്യേകാനുമതിയാണ് ബഹു: എം എൽ എ നിലവിൽ ശിപാർശ ചെയ്തിരുന്നത്. സർക്കാർ ആവശ്യപ്പെട്ടിരുന്ന പ്രകാരം ഈ വിഷയത്തിൽ തദ്ദേശഭരണ എൻജിനീയറിങ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെയും ആസ്തിവികസന ഫണ്ടിന്റെ മാർഗ്ഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ ടി.വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ